ഒരു നിയന്ത്രണമാണിത്. ഇവിടെനിന്ന് പോകുന്ന നഴ്സുമാർക്ക് അത് വളരെയേറെ ബുദ്ധിമുട്ടുകളുണ്ടാക്കിയിട്ടുണ്ട്. 18 ECR രാജ്യങ്ങളിലേയ്ക്കുള്ള നഴ്സുമാരുടെ നിയമനത്തിന് 30-4-2015 മുതൽ എമിഗ്രേഷൻ ക്ലിയറൻസ് നിർബന്ധമാക്കി. ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് മനസ്സിലാക്കി അത് മാറ്റുന്നതിനുവേണ്ടി ഗവൺമെന്റ് പരമാവധി ശ്രമിച്ചു ചെറിയ ഇളവ് മാത്രമേ ലഭിച്ചുള്ളൂ. 2015 മേയ് മാസം ഒന്നാം തീയതി മുതൽ ഏർപ്പെടുത്തിയ നിയന്ത്രണം മേയ് മാസം 30-ാം തീയതിവരെ നീട്ടി ഒരു മാസത്തേയ്ക്ക് ഇളവ് തന്നു. അതിനുശേഷം ഈ നിയമം കർക്കശമാക്കിയിരിക്കുകയാണ്. അതുകൊണ്ട് ഇവിടെനിന്നും ജോലിക്കു പോകുന്നവർക്ക് വളരെയേറെ ബുദ്ധിമുട്ടുകളുണ്ട്. സംസ്ഥാന ഗവൺമെന്റ് പലവട്ടം കേന്ദ്ര ഗവൺമെന്റിൽ നിവേദനങ്ങൾ കൊടുക്കുകയും ഞാൻതന്നെ നേരിട്ട് അവിടെ റെപ്രസെന്റ് ചെയ്യുകയുമൊക്കെ ചെയ്തിട്ടുണ്ട്. പക്ഷെ അവർ നമ്മളോട് ഒരു ബദൽ സംവിധാനമുണ്ടാക്കാൻ പറഞ്ഞിരിക്കുകയാണ്. അങ്ങനെയൊരു ബദൽ സംവിധാനമുണ്ടാകണമെങ്കിൽ ആ രാജ്യങ്ങൾകൂടി സഹകരിക്കണം. കുവൈറ്റ് മാത്രമേ ഇപ്പോൾ നമ്മളുമായിട്ടുള്ള സഹകരണത്തിന് മുന്നോട്ടുവന്നിട്ടുള്ളൂ. ബാക്കിയുള്ളിടത്തൊക്കെ ചർച്ച നടക്കുന്നതേയുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരംകൂടി ഉൾക്കൊണ്ടുകൊണ്ട് വീണ്ടും ഇതിനുള്ള ഇളവിനുവേണ്ടി ശ്രമിക്കുന്നതായിരിക്കും.

8. നഷ്ടപരിഹാരം

<u>ശ്രീ. എസ്. ശർമ്മ:</u> സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പ് ഫലം വന്നതിന്റെ പുലർച്ചെ ചെറായിയിൽ കഴിഞ്ഞ 35 വർഷക്കാലമായി പ്രവർത്തിച്ചുവരുന്ന മഹാനായ എ.കെ.ജി.-യുടെ നാമധേയത്തിലുള്ള വായനശാല ഒരുപറ്റം സാമൂഹ്യവിരുദ്ധർ തീ വച്ച് നശിപ്പിച്ചു ശബരിമല സീസണായതുകൊണ്ട് പൂജാസാമഗ്രികളൊക്കെ വിൽക്കുന്ന കടയും മറ്റൊരു സ്റ്റോറും ആ കെട്ടിടത്തിലുണ്ടായിരുന്നു. അവയെല്ലാം കത്തിനശിച്ചു. ഏകദേശം 10-12 ലക്ഷം രൂപയോളം നാശനഷ്ടം സംഭവിച്ചു. വായനശാല കത്തിയതറിഞ്ഞ് നാട്ടുകാരാകെ പ്രക്ഷുബ്ധമാവുകയും വലിയ പ്രതിഷേധവും ഹർത്താലും മറ്റുരൂപത്തിലുള്ള സമരമുറകളുമൊക്കെ ഉടർന്നുവരികയുമാണ്. അക്ഷരങ്ങളെ തീയിട്ട് ചുട്ടെരിക്കുന്ന സാംസ്കാരിക ശൂന്യൻമാരായിട്ടുള്ള ഒരുപറ്റം ക്രിമിനലുകളാണ് ഈ കുറ്റകൃത്യങ്ങൾ ചെയ്തിരിക്കുന്നതെന്നകാര്യം അവിടെയുള്ള പ്രവർത്തകർ പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും യാതൊരു നടപടിയും സ്വീകരിച്ചുവരുന്നതായി കാണുന്നില്ല. എ.കെ.ജി.-യെപ്പോലുള്ള മഹാന്മാരുടെ നാമധേയത്തിലുള്ള വായനശാല കത്തിച്ച് നശിപ്പിച്ചുകഴിഞ്ഞാലുണ്ടാകാവുന്ന സ്വാഭാവികമായ വികാരവുംമറ്റും സർക്കാർ കണക്കിലെടുക്കണം. ഇക്കാര്യത്തിൽ ലോക്കൽ പോലീസ് അന്വേഷണം നടത്തി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിലുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നു എന്നുള്ള തോന്നൽ ജനങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്. അവിടത്തെ സാഹിത്യ-സാംസ്കാരികരംഗത്ത് പ്രവർത്തിക്കുന്നവർ പ്രത്യേക യോഗം ചേർന്ന് പ്രതിഷേധവും പ്രമേയവുമൊക്കെ പാസ്സാക്കി അയയ്ക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. അതുകൊണ്ട് ക്രൈംബ്രാഞ്ചിന്റെ ഒരു സ്പെഷ്യൽ ടീമിനെവച്ച് ഇക്കാര്യം അന്വേഷിച്ച് യഥാർത്ഥ കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുമെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടിയുണ്ടാകണം. ശബരിമല സീസണായതുകൊണ്ട് പൂജാസാധനങ്ങളാണ് കത്തിനശിച്ചുപോയത്. ബാബു എന്ന ആളിന്റെ കടയിലെ പൂജസാമഗ്രികളും വായനശാലയും ആന്റണി പുളിക്കൽ, ദിനമണി എന്നിവരുടെ കടകളും കത്തി നശിച്ചുപോയിട്ടുണ്ട്. ഇതെല്ലാംകൂടി 10-12 ലക്ഷം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്ന് നഷ്ടപരിഹാരം കിട്ടുന്നതിനുള്ള അപേക്ഷ കൊടുക്കുന്നുണ്ട്. അതിനുവേണ്ട സഹായസഹകരണങ്ങളുണ്ടാകണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, എറണാകുളം ജില്ലയിലെ മുനമ്പം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ചെറായി കരയിൽ പടയാറ്റ് വീട്ടിൽ വർഗ്ഗീസ് മകൻ വിനയ വർഗ്ഗീസിന്റെ ഉടമസ്ഥതയിൽ ചെറായി എസ്.എം.എസ്.എച്ച്.എസ്.-ന് എതിർവശം കണ്ടൻ മെമ്മോറിയൽ ഇരുനില കെട്ടിടത്തിന്റെ താഴത്തെ നിലയിൽ പ്രവർത്തിച്ചുവരുന്ന വടക്കെയറ്റത്തെ പൂജാസാമഗ്രി കടയും തൊട്ടടുത്ത പാത്രക്കടയും മുകളിലെ നിലയിലെ എ.കെ.ജി. വായനശാലയും പൂർണ്ണമായും സി.പി.ഐ.(എം.)പാർട്ടി ഓഫീസ് ഭാഗീകമായും 8-11-2015-ന് പുലർച്ചെ നാലുമണിക്ക് തീ കത്തി നശിച്ചിട്ടുള്ളതാണ്. അതിലേയ്ക്ക് മുനമ്പം പോലീസ് സ്റ്റേഷനിൽ ക്രൈം 985/2015 ആയി ഫയർ ഒക്കറൻസിന് കേസ് രജിസ്റ്റർ ചെയ്തു. തീ കത്തിയ സ്ഥാപനത്തിന്റെ നടത്തിപ്പുകാർക്കും കെട്ടിട ഉടമകൾക്കും പത്തുലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായതായി പരാതിപ്പെട്ടിട്ടുണ്ട്. സംഭവമറിഞ്ഞയുടൻ ആലുവ ഡിവൈ.എസ്.പി. സ്ഥലത്തെത്തി അന്വേഷണം നടത്തുകയും എഫ്.എസ്.എൽ. യൂണിറ്റിലെ സയന്റിഫിക് അസിസ്റ്റന്റിന്റെ സേവനം പ്രയോജനപ്പെടുത്തി തെളിവുകൾ ശേഖരിച്ച് ബഹുമാനപ്പെട്ട ഞാറയ്ക്കൽ ജെ.എഫ്.സി.എം. കോടതി മുഖാന്തിരം തിരുവനന്തപുരം ഫോറൻസിക് ലാബിലേയ്ക്ക് അയച്ചിട്ടുള്ളതുമാണ്. 9-11-2015-ൽ എറണാകുളം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽനിന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടറെ വരുത്തി തെളിവുകൾ ശേഖരിച്ച് സ്ഥലത്തും പരിസരത്തുമുള്ള ഇരുപതോളംപേരെ ചോദ്യം ചെയ്ത് അന്വേഷണം നടത്തി. ഈ കുറ്റകൃത്യത്തിലേർപ്പെട്ടതായി സംശയിക്കുന്ന വ്യക്തികളുടെ

LIBRARY ARCHIVES Kerala Legislative Assembly

സംഭവദിവസത്തെ സ്ഥലസാന്നിദ്ധ്യത്തെയും അവരുടെ ഫോൺകോൾ വിവരങ്ങൾ ശേഖരിച്ചുംമറ്റും ഈ കേസ് മുനമ്പം പോലീസ് സബ് ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷിക്കുകയാണ്. ശ്രീ. എസ്. ശർമ്മയുടെ ആവശ്യം, കേസ് ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷിക്കണമെന്നുള്ളതുകൊണ്ട് ജില്ലാ ക്രൈം ബ്രാഞ്ചിനെ ഈ കേസ് ഏൽപ്പിച്ച് എത്രയുംവേഗം അന്വേഷിച്ച് പ്രതികളെ കണ്ടെത്താനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. നഷ്ടപരിഹാരത്തിനുള്ള അപേക്ഷ മുഖ്യമന്ത്രിക്ക് കൊടുത്തിട്ടുണ്ടെങ്കിൽ അത് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഞാൻ അദ്ദേഹവുമായി സംസാരിക്കുന്നതാണ്.

9. അരുണിന്റെ മരണത്തിലെ ദുരൂഹത

ശ്രീ. ബി. സത്യൻ: സർ, വളരെ ഗൗരവമുള്ള വിഷയമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. എറണാകുളം ജില്ലയിലെ കുന്നത്തുനാട് വടവുകോട് ബ്ലോക്ക് ഓഫീസിനുകീഴിൽ വി.ഇ.ഒ. ആയിരുന്ന എസ്.ആർ. അരുൺ. എസ്. ആർ. അരുണിനെ തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കുകയും ഒക്ടോബർ മാസം 31-ാം തീയതി ആറ്റിങ്ങൽ അവനവഞ്ചേരിയിലുള്ള അദ്ദേഹത്തിന്റെ വീട്ടിൽനിന്നും പോകുകയും നവംബർ മാസം നാലാം തീയതി 11.30 -ന് തന്റെ പിതാവിനെ വിളിച്ച് കാര്യങ്ങൾ സംസാരിക്കുകയും ചെയ്തിരുന്നു. അതിനുശേഷം അരുണുമായി യാതൊരു ബന്ധവുമുണ്ടാകാത്തതിനെതുടർന്ന് 6-ാം തീയതി പുത്തൻകുരിശ് പോലീസ് സ്റ്റേഷനിൽ പിതാവും ബന്ധുക്കളും പരാതി നൽകുകയും അന്വേഷണം എങ്ങുമെത്താത്തതിനെത്തുടർന്ന് കഴിഞ്ഞ നവംബർ മാസം പത്താം തീയതി ഞാൻ അങ്ങേയ്ക്ക് അരുണിന്റെ കുടുംബാംഗങ്ങളോടൊപ്പം വന്ന് പരാതി നൽകുകയും ചെയ്തു. അന്വേഷണത്തിൽ പുരോഗതി ഉണ്ടാകാത്തതിനെത്തുടർന്ന് അങ്ങ് ശക്തിയായ ഇടപെടൽ നടത്തിയെങ്കിലും അരുണിനെ കണ്ടെത്താനായില്ല. ഡിസംബർ മാസം 1-ാം തീയതി വൈകിട്ടോടുകൂടി അരുൺ ജോലിചെയ്തുവന്നിരുന്ന സ്ഥാപനത്തിന് ഏകദേശം അടുത്തുള്ള ഭാഗത്ത് അദ്ദേഹത്തിന്റെ മൃതശരീരം കണ്ടെത്തി. തുടർന്ന് രണ്ടാം തീയതി മൃതശരീരം ശാസ്ത്രീയമായ പരിശോധനയും പോസ്റ്റ്മോർട്ടവും നടത്തി കുടുംബവീട്ടിൽ കൊണ്ടുവന്നു. ആ കുടുംബം വളര പ്രയാസത്തിലാണ്. രണ്ടര വയസ്സ് പ്രായമുള്ള കുഞ്ഞും ഭാര്യയും പിതാവും മാതാവുമടങ്ങിയ കുടുംബമാണത്. എസ്.ആർ. അരുൺ എം.എസ്സി. ബിരുദധാരിയാണ്. ആദ്യം വില്ലേജ്മാനായും അതിനുശേഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായും മത്സരപ്പരീക്ഷകളെഴുതി സർവ്വീസിൽ പ്രവേശിച്ചയാളാണ്. മരണകാരണം എന്താണെന്നതു സംബന്ധിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് രക്ഷിതാക്കളും നാട്ടുകാരും മുഖ്യധാരാ രാഷ്ട്രീയകക്ഷികളും